പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2829 **28-10-2026-ൽ മറുപടിയ്ക്ക്**

കടലിൽ മത്സ്യത്തൊഴിലാളികളെ കാണാതാകുന്ന സംഭവം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. എൻ. ബാലഗോപാൽ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) മത്സ്യബന്ധത്തിനിടെ കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

മറുപടി: മത്സ്യബന്ധനത്തിനിടെ കടലിൽ കാണാതാകുന്ന മത്സ്യബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപയാണ് ഇൻഷുറൻസ് നഷ്ടപരിഹാരമായി അനുവദിച്ച് വരുന്നത്. കടലിൽ കാണാതായി ഏഴ് വർഷത്തിന് ശേഷം മാത്രമാണ് നിലവിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഇത്തരം അപേക്ഷ പരിഗണിച്ച് ധനസഹായം അനുവദിക്കാൻ കഴിയുകയുള്ളൂ. എന്നാൽ കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അടിയന്തിര ആശ്വാസ ധനസഹായമായി പരമാവധി 25000/- രൂപ വരെ ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും ഉടൻ അനുവദിക്കാറുണ്ട്.

ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രോപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ